**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 471** **02-02-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട് കായലോര റിങ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി അംഗീകാരവും പൊതുമരാമത്ത് വകുപ്പ് 10.07.2017-ലെ സ.ഉ. (ആർ.റ്റി.) 942/2017 നമ്പർ ഉത്തരവ് പ്രകാരം 20 കോടിക്ക് ഭരണാനുമതിയും നൽകിയ 2017-2018-ലെ കിഫ്ബി പദ്ധതിയായ വല്ലാർപാടം പനമ്പുകാട് കായലോര റിങ് റോഡ് നിർമ്മാണത്തെ സംബന്ധിച്ച് 08.12.2022-ന് കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്ട് ഡയറക്ടർ, കിഫ്ബി ചീഫ് പ്രൊജക്ട് എക്സാമിനർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട് കായലോര റിങ് റോഡ് നിർമ്മാണ പദ്ധതിയ്ക്ക് 10.07.2017 -ലെ ഉത്തരവ് പ്രകാരം 20 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയ്ക്ക് നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. ടി റോഡിന്റെ സാങ്കേതികത കിഫ്ബിയുടെ സാങ്കേതിക അവലോകന വിഭാഗം പരിശോധിക്കുകയും, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് (KRFB) 31.08.2022 തീയതിയിൽ ഒരു ടെക്നിക്കൽ ഒബ്സർവേഷൻ നോട്ട് (TON) നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയുടെ സ്വഭാവം ഇറിഗേഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണെന്നും, കിഫ്ബി ഗൈഡ് ലൈൻസ് പ്രകാരം നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്നും, 08.12.2022 തീയതിയിലെ കത്ത് മുഖാന്തിരം KRFB അറിയിച്ചിരുന്നു. ടി കത്ത് കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലാണ്. ഈ വിഷയത്തിൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ജിഡയുടെ സഹായത്തോടെ ഇറിഗേഷൻ വകുപ്പ് നിർമ്മിക്കുന്ന, പനമ്പുകാട് മുതൽ വല്ലാർപാടം ബസിലിക്ക വരെയുള്ള ഔട്ടർ ബണ്ട് റോഡിന്റെ തുടർച്ചയായുള്ള റോഡ് ആയതിനാലും നിരവധി സ്ലൂയിസുകൾ നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും ഇത്തരം പ്രവൃത്തിയിൽ ഇറിഗേഷൻ വകുപ്പിനാണ് വൈദഗ്ധ്യം എന്ന് പ്രസ്തുത കത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തി ജലവിഭവ വകുപ്പിന് കൈമാറുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട് കായലോര റിങ് റോഡ് നിർമ്മാണ പദ്ധതിയ്ക്ക് 10.07.2017 -ലെ ഉത്തരവ് പ്രകാരം 20 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയ്ക്ക് നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. ടി റോഡിന്റെ സാങ്കേതികത കിഫ്ബിയുടെ സാങ്കേതിക അവലോകന വിഭാഗം പരിശോധിക്കുകയും, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് (KRFB) 31.08.2022 തീയതിയിൽ ഒരു ടെക്നിക്കൽ ഒബ്സർവേഷൻ നോട്ട് (TON) നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തിയുടെ സ്വഭാവം ഇറിഗേഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണെന്നും, കിഫ്ബി ഗൈഡ് ലൈൻസ് പ്രകാരം നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്നും, 08.12.2022 തീയതിയിലെ കത്ത് മുഖാന്തിരം KRFB അറിയിച്ചിരുന്നു. ടി കത്ത് കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലാണ്. ഈ വിഷയത്തിൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | കാലാവസ്ഥാവ്യതിയാനം മൂലം വല്ലാർപാടം ദ്വീപ് നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട് കായലോര റിങ് റോഡ് നിർമ്മാണ പദ്ധതിയ്ക്ക് 10.07.2017 -ലെ ഉത്തരവ് പ്രകാരം 20 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയ്ക്ക് നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. ടി റോഡിന്റെ സാങ്കേതികത കിഫ്ബിയുടെ സാങ്കേതിക അവലോകന വിഭാഗം പരിശോധിക്കുകയും, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് (KRFB) 31.08.2022 തീയതിയിൽ ഒരു ടെക്നിക്കൽ ഒബ്സർവേഷൻ നോട്ട് (TON) നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയുടെ സ്വഭാവം ഇറിഗേഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണെന്നും, കിഫ്ബി ഗൈഡ് ലൈൻസ് പ്രകാരം നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്നും, 08.12.2022 തീയതിയിലെ കത്ത് മുഖാന്തിരം KRFB അറിയിച്ചിരുന്നു. ടി കത്ത് കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലാണ്. ഈ വിഷയത്തിൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ